പതിനാലാം കേരള നിയമസഭ

അഞ്ചാം സമ്മേളനം

നക്ഷത്ര ചിഹ്നമിടാത്ത ചോദ്യം : 1926 — 04.05. 2017 ൽ മറുപടിക്ക്

## കെ.എസ്.ഇ.ബി. ക്ക് വൈദ്യുതിചാർജ്ജ് കടിശ്ശിക

ചോദ്യം — ഉത്തരം

ശ്രീ.പാറയ്ക്കൽ അബ്ദുള്ള — ശ്രീ.എം.എം.മണി (വൈദ്യുതി വകുപ്പ് മന്ത്രി)

| | |
|---|---|
| (എ) സഹകരണ സ്ഥാപനങ്ങളുടെ വൈദ്യുതിചാർജ്ജ് കടിശ്ശിക എത്ര കോടി രൂപയാണ്; | (എ) 31.03.2017 – ലെ ത്രൈമാസ കണക്ക പ്രകാരം സഹകരണ സ്ഥാപനങ്ങളുടെയും സർക്കാർ പൊതുമേഖല സ്ഥാപനങ്ങളുടെയും ഉൾപ്പെടെയുള്ള വൈദ്യുതി ചാർജ്ജ് കടിശ്ശിക 255 കോടി രൂപയാണ്. സഹകരണ സ്ഥാപനങ്ങളുടെ കടിശ്ശിക മാത്രമായി ക്രോഡീകരിച്ചിട്ടില്ല. |
| (ബി) വൈദ്യുതിചാർജ്ജ് കടിശ്ശിക വരുത്തിയ ഹൈടെൻഷൻ, എക്സ്ട്രാ ഹൈടെൻഷൻ ഉപഭോക്താക്കളുടെ എണ്ണം എത്രയാണ്; ഈ വിഭാഗങ്ങൾ കെ.എസ്.ഇ.ബി. ക്ക് നൽകാനുള്ള തുക എത്ര? | (ബി) 31.03.2017 – ലെ ത്രൈമാസ കണക്ക പ്രകാരം വൈദ്യുതി ചാർജ്ജ് കടിശ്ശിക വരുത്തിയ ഹൈടെൻഷൻ, എക്സ്ട്രാ ഹൈടെൻഷൻ ഉപഭോക്താക്കളുടെ എണ്ണം 1250 ആണ്. ഈ വിഭാഗങ്ങൾ കെ.എസ്.ഇ.ബി യ്ക്ക് നൽകാനുള്ള തുക 1361.69 കോടി രൂപയാണ് |
| (സി) തുക സമയബന്ധിതമായി പിരിച്ചെടുക്കാൻ കെ.എസ്.ഇ.ബി. എന്തെല്ലാം നടപടികൾ കൈക്കൊള്ളും? വിശദാംശങ്ങൾ നൽകുമോ? | (സി) സപ്ലൈ കോഡ് 2014 ൽ പരാമർശിച്ചിട്ടുള്ള സമയ പരിധി അനുസരിച്ച് കടിശ്ശിക വരുത്തുന്ന ഉപഭോക്താക്കളുടെ വൈദ്യുതി കണക്ഷൻ വിച്ഛേദിക്കൽ, കണക്ഷൻ അഴിച്ചുമാറ്റൽ തുടങ്ങിയ നടപടികൾ സ്വീകരിച്ചു വരുന്നു. അതിനുശേഷം ഉപഭോക്താക്കളുടെ സെക്യൂരിറ്റി ഡെപ്പോസിറ്റിൽ നിന്നും കടിശ്ശിക വകയിരുത്താറുണ്ട്. ഇതിൽ നിന്നും വകയിരുത്താൻ കഴിയാത്ത തുക റവന്യൂ റിക്കവറി നടപടികൾക്കായി നൽകാറുണ്ട്. കൂടാതെ ദീർഘകാല കടിശ്ശികയുള്ള ഉപഭോക്താക്കളിൽ നിന്നും ഒറ്റത്തവണ തീർപ്പാക്കൽ പദ്ധതി വഴി കടിശ്ശിക ഈടാക്കുന്നതിനുള്ള നടപടിയും ആവിഷ്കരിച്ചിരുന്നു. |

സെക്ഷൻ ഓഫീസർ